"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-ഇടുക്കി ജില്ലാ സായുധസേനയിലെ CPO 4943 ശ്രീ.അശ്വിൻ ബെന്നിക്ക് അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൻ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1968/2026/HOME തീയതി,തിരുവനന്തപുരം, 08-06-2026

---

പരാമർശം:-

1. 20/06/2023 തീയതിയിലെ സ.ഉ(സാധാ)നം.1634/2023/ആഭ്യന്തരം നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 27/08/2024, 17/10/2024, 01/09/2025, 11/01/2026 തീയതികളിലെ ഇ5-56120/2023/PHQ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലാ സായുധസേനയിലെ CPO 4943 ശ്രീ.അശ്വിൻ ബെന്നിക്ക് കാനഡയിൽ ഉപരിപഠനത്തിനായി 01/07/2023 തീയതി മുതൽ 04/09/2025 വരെ പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ഇപ്രകാരം ടിയാനെ 30/06/2023-ൽ ഇടുക്കി ജില്ലാ പോലീസ് ഓഫീസിൽ നിന്ന് വിടുതൽ ചെയ്തിരുന്നു. എന്നാൽ ടിയാന് ടി കാലയളവിൽ സ്റ്റുഡൻസ് വിസ ലഭിക്കാതിരിക്കുകയും, പഠനാവശ്യത്തിനായി കാനഡയിൽ പോകാൻ സാധിക്കാതിരിക്കുകയും ചെയ്തതിനാൽ, തിരികെ ജോലിയിൽ പ്രവേശിക്കാൻ ശ്രീ.അശ്വിൻ ബെന്നി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാനെ 12/09/2023-ൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിരുന്നു. അതിനാൽ അനുവദിക്കപ്പെട്ട ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത 12/09/2023 തീയതി മുതൽ 04/09/2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് നൽകണമെന്ന് ടിയാൻ അഭ്യർത്ഥിക്കുകയും,സംസ്ഥാന പോലീസ് മേധാവി ആയത് പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ സായുധസേനയിലെ CPO 4943 ശ്രീ.അശ്വിൻ ബെന്നി 12/09/2023-ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൻ ഉപയുക്തമാക്കാത്ത 12/09/2023 തീയതി മുതൽ 04/09/2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം (ശ്രീ.അശ്വിൻ ബെന്നിയുടെ സേവനപുസ്തകം സഹിതം)
ശ്രീ.അശ്വിൻ ബെന്നി, CPO 4943 (സംസ്ഥാന പോലീസ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ധനകാര്യ വകുപ്പ് (26/05/2026 തീയതിയിലെ ( E-2421274) ExpA4/171/2023-Fin നമ്പർ

അഭിപ്രായക്കുറിപ്പ് പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
സെക്ഷൻ ഓഫീസർ
Date: 08-06-2026 11:26:44